170

ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം ആക്റ്റ്, 1998

## (1998-ലെ 13-ാം നമ്പർ ആക്റ്റ്)

(2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE NATIONAL INSTITUTE OF PHARMACEUTICAL EDUCATION AND RESEARCH ACT, 1998

## (ACT No. 13 OF 1998)

(AS ON 26th SEPTEMBER, 2002)

വില: രൂപ 23.00

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2006.

# ആമുഖം

2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം ആക്റ്റ്, 1998 (1998-ലെ 13-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലൈ 7-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 2-ാം വാല്യം 1-ാം നമ്പരായി 63 മുതൽ 72 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

# PREFACE

This Edition of the National Institute of Pharmaceutical Education and Research Act, 1998 (Act 13 of 1998) as on 26th September, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 2, No. 1, dated 7th July, 2003 on pages 63 to 72.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

3/2387/2006/DTP.

## ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം ആക്റ്റ്, 1998

(1998-ലെ 13-ാം നമ്പർ ആക്റ്റ്)

### വകുപ്പുകളുടെ വിന്യാസം

അദ്ധ്യായം I

**പ്രാരംഭികം**


വകുപ്പുകൾ — പേജ്

1. ചുരുക്കപ്പേരും പ്രാരംഭവും 1
2. ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം ദേശീയ പ്രാധാന്യമുള്ള ഒരു വിദ്യാസ്ഥാപനമായി പ്രഖ്യാപിക്കൽ 1
3. നിർവചനങ്ങൾ 1


അദ്ധ്യായം II

**വിദ്യാസ്ഥാപനം**


4. വിദ്യാസ്ഥാപനത്തിന്റെ സ്ഥാപിക്കൽ 2
5. വസ്തുവകകളുടെ നിക്ഷിപ്തമാക്കൽ 3
6. വിദ്യാസ്ഥാപനത്തിന്റെ ഏകാംഗീകരണഫലം 3
7. വിദ്യാസ്ഥാപനത്തിന്റെ ചുമതലകൾ 4
8. ബോർഡിന്റെ അധികാരങ്ങൾ, 5
9. വിദ്യാസ്ഥാപനം എല്ലാ വർഗ്ഗങ്ങൾക്കും മതവിശ്വാസങ്ങൾക്കും വിഭാഗങ്ങൾക്കും പ്രാപ്യമായിരിക്കുന്നതാണെന്ന് 5
10. വിദ്യാസ്ഥാപനത്തിലെ അദ്ധ്യാപനം 6
11. വിസിറ്റർ 6
12. സ്ഥാപനത്തിന്റെ അധികാരസ്ഥാനങ്ങൾ 6
13. സെനറ്റ് 6
14. സെനറ്റിന്റെ ചുമതലകൾ 6
15. ചെയർപേഴ്സന്റെ ചുമതലകളും അധികാരങ്ങളും കർത്തവ്യങ്ങളും 6
16. ഡയറക്ടർ 7
17. ഡീൻ 7
18. രജിസ്ട്രാർ 7
19. മറ്റ് അധികാരസ്ഥാനങ്ങളുടെയും ഉദ്യോഗസ്ഥൻമാരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും 7
20. കേന്ദ്ര സർക്കാരിനാലുള്ള ഗ്രാന്റുകൾ 7
21. വിദ്യാസ്ഥാപനത്തിന്റെ നിധി 7
22. ധർമ്മസ്വം നിധി ഏർപ്പെടുത്തൽ 8
23. അക്കൗണ്ടുകളും ആഡിറ്റും 8
24. പെൻഷനും പ്രോവിഡന്റ് ഫണ്ടും 8
25. നിയമനങ്ങൾ 8
26. സ്റ്റാറ്റ്യൂട്ടുകൾ 8

27. സ്റ്റാറ്റ്യൂട്ടുകൾ എങ്ങനെ ഉണ്ടാക്കണമെന്ന് 9

28. ഓർഡിനൻസുകൾ 9

29. ഓർഡിനൻസുകൾ എങ്ങനെ ഉണ്ടാക്കണമെന്ന് 10

30. മാദ്ധ്യസ്ഥം ട്രൈബ്യൂണൽ 10


## അദ്ധ്യായം III

## പലവക


31. ഒഴിവുകളാൽ പ്രവൃത്തികളും നടപടികളും അസാധുവാക്കപ്പെടുന്നില്ലെന്ന് 10

32. വിദ്യാസ്ഥാപനം ബിരുദങ്ങൾ മുതലായവ നൽകുന്നത് 10

33. സ്പോൺസർ ചെയ്യപ്പെടുന്ന പദ്ധതികൾ 11

34. വിഷമതകൾ നീക്കുന്നതിനുള്ള അധികാരം 11

35. പരിവർത്തക വ്യവസ്ഥകൾ 11

36. സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പാർലമെന്റ് മുമ്പാകെ വയ്ക്കേണ്ടതുമാണെന്ന് 11

37. റദ്ദാക്കലും ഒഴിവാക്കലും 12

# ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം ആക്റ്റ്, 1998

(1998-ലെ 13-ാം നമ്പർ ആക്റ്റ്)

[1998 ജൂൺ, 26]

ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം എന്നറിയപ്പെടുന്ന സ്ഥാപനം ദേശീയ പ്രാധാന്യമുള്ള ഒരു വിദ്യാസ്ഥാപനമായി പ്രഖ്യാപിക്കുന്നതിനും, അതിന്റെ ഏകാംഗീകരണത്തിനും അതുമായി ബന്ധപ്പെട്ട സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തി ഒൻപതാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു.

## അദ്ധ്യായം I

## പ്രാരംഭികം

1. *ചുരുക്കപ്പേരും പ്രാരംഭവും.*—(1) ഈ ആക്റ്റിന് ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം ആക്റ്റ്, 1998 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത്, കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതും, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആകുന്നു.

2. ***ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം ദേശീയ പ്രാധാന്യമുള്ള ഒരു വിദ്യാസ്ഥാപനമായി പ്രഖ്യാപിക്കൽ.***—ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം. സെക്ടർ-67, എസ്. എ. എസ്. നഗർ (മൊഹാലി), റോപാർ ജില്ല, പഞ്ചാബ് എന്നറിയപ്പെടുന്ന സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ പ്രസ്തുത സ്ഥാപനത്തെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമാക്കത്തക്കതാകയാൽ, ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം എന്നറിയപ്പെടുന്ന സ്ഥാപനത്തെ ദേശീയ പ്രാധാന്യമുള്ള ഒരു വിദ്യാസ്ഥാപനമായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

3. *നിർവചനങ്ങൾ.*—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "നിശ്ചയിക്കപ്പെട്ട ദിവസം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം സ്ഥാപിച്ച തീയതി എന്നർത്ഥമാകുന്നു;

(ഖ) "ബോർഡ്" എന്നാൽ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ രൂപീകരിച്ച വിദ്യാസ്ഥാപനത്തിന്റെ ഗവർണ്ണർമാരുടെ ബോർഡ് എന്നർത്ഥമാകുന്നു;

(ഗ) "ചെയർപേഴ്സൺ" എന്നാൽ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട വിദ്യാസ്ഥാപനത്തിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഘ) "ഡീൻ" എന്നാൽ 17-ാം വകുപ്പുപ്രകാരം നിയമിച്ച വിദ്യാസ്ഥാപനത്തിന്റെ ഡീൻ എന്നർത്ഥമാകുന്നു;

(ങ) "ഡയറക്ടർ" എന്നാൽ 16-ാം വകുപ്പുപ്രകാരം നിയമിച്ച വിദ്യാസ്ഥാപനത്തിന്റെ ഡയറക്ടർ എന്നർത്ഥമാകുന്നു;

(ച) "നിധി" എന്നാൽ 21-ാം വകുപ്പിൻകീഴിൽ വച്ചുപോരേണ്ട സ്ഥാപനത്തിന്റെ നിധി എന്നർത്ഥമാകുന്നു;

(ഛ) "വിദ്യാസ്ഥാപനം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാപിച്ച ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം എന്നർത്ഥമാകുന്നു;

(ജ) "സെനറ്റ്" എന്നാൽ 13-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വിദ്യാസ്ഥാപനത്തിലെ സെനറ്റ് എന്നർത്ഥമാകുന്നു;

(ഝ) "സംഘം" എന്നാൽ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21)-ൻ കീഴിൽ രജിസ്ററർ ചെയ്ത ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപന സംഘം, സെക്ററർ-67, എസ്. എ. എസ്. നഗർ, (മൊഹാലി), റോപാർ ജില്ല, പഞ്ചാബ് എന്നർത്ഥമാകുന്നു;

(ഞ) "സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ വിദ്യാസ്ഥാപനത്തിന്റെ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## വിദ്യാസ്ഥാപനം

4. ***വിദ്യാസ്ഥാപനത്തിന്റെ സ്ഥാപിക്കൽ.***—(1) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടെ ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം മുൻപറഞ്ഞ പേരിൽ ഒരു ഏകാംഗീകൃത നികായമായി രൂപീകരിക്കേണ്ടതാണ്.

(2) വിദ്യാസ്ഥാപനത്തിന് ശാശ്വത പിൻതുടർച്ചയും ഒരു പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി അതിന് വസ്തുവകകൾ ആർജ്ജിക്കാനും, കൈവശം വയ്ക്കാനും, വിക്രയം ചെയ്യുവാനും കരാറുകളിൽ ഏർപ്പെടുവാനും അധികാരം ഉണ്ടായിരിക്കുന്നതും, ഈ പേരിൽ അതിന് വ്യവഹരിക്കാവുന്നതും അത് വ്യവഹാര വിധേയമാകുന്നതും ആകുന്നു.

(3) വിദ്യാസ്ഥാപനം താഴെ പറയുന്ന വ്യക്തികൾ ഉള്ള ഗവർണ്ണർമാരുടെ ബോർഡ് അടങ്ങിയതായിരിക്കും, അതായത്:—

(ക) വിസിററർ നാമനിർദ്ദേശം ചെയ്യുന്ന ശ്രേഷ്ഠനായ ഒരു അക്കാദമി അംഗമോ ശാസ്ത്രജ്ഞനോ അല്ലെങ്കിൽ സാങ്കേതിക വിദഗ്ദ്ധനോ അല്ലെങ്കിൽ പ്രൊഫഷണലോ ആയ ഒരു ചെയർപേഴ്സൺ;

(ഖ) വിദ്യാസ്ഥാപനത്തിന്റെ ഡയറക്ടർ, ഔദ്യോഗിക നിലയിൽ;

(ഗ) ഭാരത സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയത്തിലെയോ വകുപ്പിലെയോ ഔഷധ നിർമ്മാണ വ്യവസായങ്ങളുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി, ഔദ്യോഗിക നിലയിൽ;

(ഘ) സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസം, പഞ്ചാബ് സർക്കാർ, ചണ്ഡിഗർ ഔദ്യോഗിക നിലയിൽ;

(ങ) മന്ത്രിസഭയുടെയോ അല്ലെങ്കിൽ ഔഷധ നിർമ്മാണ വ്യവസായങ്ങൾ കൈകാര്യം ചെയ്യുന്ന, ഭാരത സർക്കാരിന്റെ മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ സാമ്പത്തിക ഉപദേഷ്ടാവ്, ഔദ്യോഗിക നിലയിൽ;

(ച) ഭാരതത്തിന്റെ ഡ്രഗ്കൺട്രോളർ-ജനറൽ, ഭാരത സർക്കാരിന്റെ ആരോഗ്യവും കുടുംബ ക്ഷേമവും മന്ത്രാലയം, ഔദ്യോഗിക നിലയിൽ;

(ഛ) മെമ്പർ സെക്രട്ടറി, ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ, ഔദ്യോഗിക നിലയിൽ;

(ജ) ന്യൂഡൽഹിയിലെ കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചിന്റെ ഡയറക്ടർ-ജനറൽ നാമനിർദ്ദേശം ചെയ്യുന്ന കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചിന്റെ ദേശീയ ലബോറട്ടറികളിൽ ഏതെങ്കിലും ഒന്നിന്റെ ഡയറക്ടർ;

(ഝ) ഭാരത സർക്കാരിന്റെ ആരോഗ്യവും കുടുംബക്ഷേമവും മന്ത്രാലയം ആവർത്തന ക്രമത്തിൽ നാമനിർദ്ദേശം ചെയ്യുന്ന ന്യൂഡൽഹിയിലെ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അല്ലെങ്കിൽ ചണ്ഡിഗറിലെ പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻ റിസർച്ച്, ഇവയിലൊന്നിന്റെ ഡയറക്ടർ;

(ഞ) ഇൻഡ്യൻ ഡ്രഗ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, ഔദ്യോഗിക നിലയിൽ;

(ട) ഓർഗനൈസേഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ് പ്രൊഡ്യൂസേഴ്സ് ഓഫ് ഇൻഡ്യയുടെ പ്രസിഡന്റ്, ഔദ്യോഗിക നിലയിൽ;

(ഠ) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ദ്ധനും, ഒരു ഗവേഷണ ശാസ്ത്രജ്ഞനും, ഒരു ജൈവ സാങ്കേതിക വിദ്യാ വിദഗ്ദ്ധനും ആയിട്ടുള്ള ശ്രേഷ്ഠരായ മൂന്ന് ഔഷധ നിർമ്മാണ വിദഗ്ദ്ധർ;

(ഡ) കേന്ദ്രസർക്കാർ തയ്യാറാക്കുന്ന ഒരു പാനലിൽനിന്നും പട്ടികജാതികളിലോ പട്ടിക വർഗ്ഗങ്ങളിലോ നിന്നുള്ള ഒരാളുൾപ്പെടെ വിസിററർ നാമനിർദ്ദേശം ചെയ്യുന്ന ശ്രേഷ്ഠരായ മൂന്ന് പൊതു പ്രവർത്തകർ അല്ലെങ്കിൽ സാമൂഹ്യപ്രവർത്തകർ;

(ഢ) കേന്ദ്രസർക്കാർ തയ്യാറാക്കുന്ന പാനലിൽനിന്നും വിസിററർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഔഷധ നിർമ്മാണ വ്യവസായികൾ;

(ണ) ലോകസഭയിൽനിന്നും ലോകസഭാ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേരും രാജ്യസഭയിൽനിന്നും രാജ്യസഭാ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാളും ഉൾപ്പെടെ മൂന്ന് പാർലമെന്റ് അംഗങ്ങൾ.

(4) ചെയർപേഴ്സന്റെയും ഔദ്യോഗിക നിലയിലുള്ള ഗവർണ്ണർമാരല്ലാത്ത ഗവർണ്ണർമാരുടെയും ഉദ്യോഗകാലാവധി മൂന്നു വർഷമായിരിക്കുന്നതും കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള ബത്തകൾക്ക് അവർ അർഹരായിരിക്കുന്നതും ആകുന്നു.

(5) ഒരു താത്ക്കാലിക ഒഴിവ് നികത്തുന്നതിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഗവർണ്ണറുടെ ഉദ്യോഗകാലാവധി ഏത് ഗവർണ്ണറുടെ സ്ഥാനത്തേക്കാണോ അയാൾ നാമനിർദ്ദേശം ചെയ്യപ്പെടുന്നത് അയാളുടെ അവശേഷിക്കുന്ന കാലാവധിവരെ തുടരുന്നതാണ്.

(6) ബോർഡ് നിശ്ചയിക്കുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും വച്ച് ഒരു വർഷത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും ബോർഡ് യോഗം ചേരേണ്ടതും, അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അങ്ങനെയുള്ള നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതും ആകുന്നു.

5. *വസ്തുവകകളുടെ നിക്ഷിപ്തമാക്കൽ.*—ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി നിശ്ച യിക്കപ്പെട്ട ദിവസത്തിലും, അന്നുമുതൽക്കും, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് സംഘത്തിൽ നിക്ഷിപ്തമായിരുന്ന എല്ലാ വസ്തുവകകളും, അങ്ങനെയുള്ള പ്രാരംഭത്തിലും അന്നുമുതൽക്കും പ്രസ്തുത വിദ്യാസ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

6. *വിദ്യാസ്ഥാപനത്തിന്റെ ഏകാംഗീകരണ ഫലം.*—നിശ്ചിത ദിവസത്തിലും അന്നുമുതൽക്കും,—

(ക) ഏതെങ്കിലും കോൺട്രാക്ടിലോ മറ്റു പ്രമാണത്തിലോ സംഘം എന്ന ഏതെങ്കിലും പരാമർശം വിദ്യാസ്ഥാപനം എന്ന പരാമർശമായി കരുതപ്പെടേണ്ടതും;

(ഖ) സംഘത്തിന്റെ എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും വിദ്യാസ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെടുന്നതും വിദ്യാസ്ഥാപനത്തിന്റെ അവകാശങ്ങളും ബാദ്ധ്യതകളും ആയിത്തീരുന്നതും;

(ഗ) നിശ്ചിത ദിവസത്തിനു തൊട്ടു മുമ്പ് സംഘം നിയോഗിച്ച ഏതൊരാളും ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിലും അയാൾ വഹിക്കുമായിരുന്ന അതേ ഉദ്യോഗമോ അനുഷ്ഠിക്കുമായിരുന്ന അതേ സേവനമോ അതേ കാലാവധിക്കും അതേ പ്രതിഫലത്തിലും അതേ നിബന്ധനകൾക്കും വ്യവസ്ഥ കൾക്കും മേൽ പെൻഷനും അവധിയും ഗ്രാററുവിറ്റിയും പ്രോവിഡന്റ് ഫണ്ടും മററു സംഗതികളും സംബ ന്ധിച്ച അതേ അവകാശങ്ങളോടും വിദ്യാസ്ഥാപനത്തിൽ വഹിക്കുകയോ അനുഷ്ഠിക്കുകയോ ചെയ്യുകയും അയാളുടെ നിയോജനം അവസാനിച്ചിട്ടില്ലാത്തപക്ഷം അവസാനിപ്പിക്കുന്നതുവരെയും അല്ലെങ്കിൽ അങ്ങനെ യുള്ള കാലാവധിയും പ്രതിഫലവും നിബന്ധനകളും വ്യവസ്ഥകളും യഥാവിധി സ്റ്റാറ്റ്യൂട്ടുകൾവഴി വ്യത്യാസ പ്പെടുത്തുന്നതുവരെയും അപ്രകാരം തുടരുന്നതും ആകുന്നു:

എന്നാൽ അപ്രകാരം വരുത്തിയ വ്യത്യാസപ്പെടുത്തൽ അങ്ങനെയുള്ള ജീവനക്കാരന് സ്വീകാര്യമല്ലാത്തപക്ഷം, അയാളുടെ ജീവനം, ജീവനക്കാരനുമായുള്ള കോൺട്രാക്റ്റിന്റെ നിബന്ധനകൾക്കനുസൃതമായി അല്ലെങ്കിൽ ഇതിലേക്കായി യാതൊരു വ്യവസ്ഥയും അതിൽ ഉണ്ടാക്കിയിട്ടില്ലെങ്കിൽ സ്ഥിരം ജീവനക്കാരന്റെ സംഗതിയിൽ മൂന്നുമാസത്തെ പ്രതിഫലത്തിനും മറ്റു ജീവനക്കാരന്റെ സംഗതിയിൽ ഒരു മാസത്തെ പ്രതിഫലത്തിനും തുല്യമായ നഷ്ടപരിഹാരം വിദ്യാസ്ഥാപനം അയാൾക്ക് നൽകിക്കൊണ്ട് വിദ്യാസ്ഥാപനത്തിന് അയാളുടെ നിയോജനം അവസാനിപ്പിക്കാവുന്നതാണ്.

7. *വിദ്യാസ്ഥാപനത്തിന്റെ ചുമതലകൾ*—വിദ്യാസ്ഥാപനത്തിന്റെ ചുമതലകൾ,—

(i) ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഗുണവും മേൻമയും പരിപോഷിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും;

(ii) ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിൽ മാസ്റ്റേഴ്സ് ബിരുദത്തിലേക്ക് നയിക്കുന്ന കോഴ്സുകളിൻമേലും ഡോക്ടറലും പോസ്റ്റ് ഡോക്ടറലും കോഴ്സുകളിലേക്കും ഗവേഷണത്തിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുകയും;

(iii) പരീക്ഷകൾ നടത്തുകയും ഡിഗ്രി നൽകുകയും;

(iv) ഓണററി അവാർഡുകളോ മററ് ഡിസ്റ്റിംഗ്ഷനുകളോ നൽകുകയും;

(v) വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളുമായി പൂർണ്ണമായോ ഭാഗികമായോ സദൃശ ലക്ഷ്യങ്ങളുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായോ മററ് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായോ, ഫാക്കൽററി അംഗങ്ങളുടെയും സ്കോളേഴ്സിന്റെയും കൈമാററം വഴിയും അവയുടെ പൊതു ലക്ഷ്യത്തിന് സാമാന്യമായി ഉതകുന്ന അങ്ങനെയുള്ള രീതിയിലും സഹകരിക്കുകയും;

(vi) അദ്ധ്യാപകർക്കും, ഔഷധ നിർമ്മാണ സാങ്കേതികവിദ്യാ വിദഗ്ദ്ധർക്കും, കമ്മ്യൂണിററി ഹോസ്പിറ്റൽ ഫാർമസിസ്ററുകൾക്കും മററു പ്രൊഫഷണലുകൾക്കുംവേണ്ടി കോഴ്സുകൾ നടത്തുകയും;

(vii) രാജ്യത്തിനകത്തും വികസ്വര ലോകത്തുമുള്ള മററു വിദ്യാസ്ഥാപനങ്ങൾക്കുവേണ്ടി അതിന്റേതായ ശൈലിയിൽ ഒരു ഇൻഫർമേഷൻ സെന്റർ വികസിപ്പിക്കുന്നതിനായി ഔഷധ നിർമ്മാണവും ബന്ധപ്പെട്ട ശാസ്ത്രങ്ങളിലും സാങ്കേതിക വിദ്യയിലും ഉള്ള ആഗോള സഞ്ചയം ശേഖരിക്കുകയും വച്ചുപോരുകയും ചെയ്യുക;

(viii) വിദ്യാസ്ഥാപനത്തിനകത്തും പുറത്തുമുള്ള ഗവേഷകർക്ക് ഉപയോഗിക്കുന്നതിനുവേണ്ടി ഔഷധ നിർമ്മാണ യന്ത്രീകരണത്തിന്റെയും വിശ്ലേഷണത്തിന്റെയും ഒരു കേന്ദ്ര ഫാക്കൽറ്റി ഉണ്ടാക്കുകയും;

(ix) ഔഷധ നിർമ്മാണ അദ്ധ്യയന കലയിലോ ശാസ്ത്രത്തിലോ പരീക്ഷണം നടത്തുന്നതിനും നവീകരണം നടത്തുന്നതും അദ്ധ്യാപകരെയും മററ് ജോലിക്കാരെയും പരിശീലിപ്പിക്കുന്നതിനും ഒരു കേന്ദ്രം ഉണ്ടായിരിക്കുന്നതിനും;

(x) ദേശീയവും, വിദ്യാഭ്യാസപരവും, വൃത്തിപരവും, വ്യാവസായികവുമായ പ്രതിജ്ഞാബദ്ധതയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പുതിയ അറിവുണ്ടാക്കുന്നതിനും ഔഷധ നിർമ്മാണ മേഖലയിൽ നിലവിലുള്ള വിവരങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുംവേണ്ടി ഒരു ആഗോളകേന്ദ്രം വികസിപ്പിക്കുകയും;

(xi) വൃത്തിയുടെയും, അക്കാദമി ലോകത്തിന്റെയും, ഔഷധ നിർമ്മാണ വ്യവസായത്തിന്റെയും ബൃഹത്തായ താൽപ്പര്യം നന്നായി നടപ്പിലാക്കുന്നതും ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും മാറിക്കൊണ്ടിരിക്കുന്ന ആഗോള പ്രവണതയ്ക്കും രീതിക്കും അനുസൃതമായി ഒരു ഔഷധ നിർമ്മാണ തൊഴിൽ സംസ്ക്കാരം ആവിഷ്ക്കരിക്കുന്നതും സാദ്ധ്യമാക്കത്തക്കവിധം ഔഷധനിർമ്മാണ മാനവശേഷിയുടെ ഗവേഷണവും പരിശീലനവും നടപ്പിലാക്കുന്നതിൽ വിവിധ ശിക്ഷണ സമീപനം വികസിപ്പിക്കുകയും;

(xii) കാലാകാലങ്ങളിൽ ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ ദേശീയമോ അന്തർദ്ദേശീയമോ ആയി സിമ്പോസിയങ്ങളും, സെമിനാറുകളും, കോൺഫറൻസുകളും സംഘടിപ്പിക്കുകയും;

(xiii) വികസിത രാഷ്ട്രങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ നിറവേററുന്ന കോഴ്സുകൾ ഏർപ്പെടുത്തുകയും;

(xiv) വിദ്യാസ്ഥാപനവും വ്യവസായവും തമ്മിൽ ശാസ്ത്രജ്ഞൻമാരുടെയും മററ് സാങ്കേതിക ജീവനക്കാരുടെയും കൈമാററം പ്രോൽസാഹിപ്പിച്ചുകൊണ്ടും സ്പോൺസർ ചെയ്തതും ഫണ്ട് നൽകിയതുമായ ഗവേഷണങ്ങളും അതുപോലെതന്നെ കൺസൾട്ടൻസി പ്രോജക്ടുകളും വിദ്യാസ്ഥാപനം ഏറ്റെടുത്തുകൊണ്ടും അക്കാദമിയുടെയും വ്യവസായത്തിന്റെയും പരസ്പരമുള്ള പ്രവർത്തനത്തിന് ഇടയിൽ ഒരു കേന്ദ്ര ഭാഗമായി പ്രവർത്തിക്കുകയും;

(xv) രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തിക പ്രതിബിംബം കണക്കിലെടുത്തുകൊണ്ട് ഗ്രാമീണ സമൂഹത്തിന്റെ ഔഷധങ്ങളുടെ വിതരണത്തിലും ഉപയോഗത്തിലുമുള്ള പഠനത്തിന് വേണ്ടത്ര ശ്രദ്ധ ചെലുത്തുകയും ചെയ്യുകയുമാകുന്നു.

8. *ബോർഡിന്റെ അധികാരങ്ങൾ.*—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, വിദ്യാസ്ഥാപനത്തിന്റെ കാര്യങ്ങളുടെ പൊതുവായ മേൽനോട്ടത്തിനും നിർവഹണത്തിനും നിയന്ത്രണത്തിനും ബോർഡ് ഉത്തരവാദിയായിരിക്കുന്നതും ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും ഓർഡിനൻസുകളിലും മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത എല്ലാ അധികാരങ്ങളും ബോർഡ് പ്രയോഗിക്കേണ്ടതും സെനറ്റിന്റെ കൃത്യങ്ങൾ റിവ്യൂ ചെയ്യുന്നതിനുള്ള അധികാരം ബോർഡിന് ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ബോർഡ്—

(ക) വിദ്യാസ്ഥാപനത്തിന്റെ ഭരണവും പ്രവർത്തനവുമായി ബന്ധപ്പെട്ട നയപരമായ പ്രശ്നങ്ങളിൻമേൽ തീരുമാനമെടുക്കേണ്ടതും;

(ഖ) ഫീസും മറ്റ് ചാർജ്ജുകളും നിജപ്പെടുത്തേണ്ടതും ആവശ്യപ്പെടേണ്ടതും സ്വീകരിക്കേണ്ടതും;

(ഗ) വിദ്യാസ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ താമസ സ്ഥലത്തിന്റെ മേൽനോട്ടവും നിയന്ത്രണവും വഹിക്കേണ്ടതും ശിക്ഷണം ക്രമപ്പെടുത്തേണ്ടതും അവരുടെ ആരോഗ്യവും പൊതുക്ഷേമവും സാംസ്കാരികവും സാമാജികവുമായ ജീവിതവും പ്രോൽസാഹിപ്പിക്കേണ്ടതും;

(ഘ) അക്കാദമി സംബന്ധമായതും മറ്റുള്ളതുമായ തസ്തികകൾ സൃഷ്ടിക്കേണ്ടതും അവയിലേക്ക് നിയമനങ്ങൾ നടത്തേണ്ടതും (ഡയറക്ടറുടെ സംഗതിയിൽ ഒഴികെ);

(ങ) സ്റ്റാറ്റ്യൂട്ടുകളും ഒർഡിനൻസുകളും ഉണ്ടാക്കേണ്ടതും അവ വ്യത്യാസപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ, റദ്ദാക്കുകയോ ചെയ്യേണ്ടതും;

(ച) ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും, സമ്മാനങ്ങളും മെഡലുകളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യേണ്ടതും;

(ഛ) വിദ്യാസ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും, വാർഷിക അക്കൗണ്ടുകളും അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റുകളും പരിഗണിക്കേണ്ടതും അതിന്റെ വികസന പദ്ധതികളുടെ ഒരു പത്രികയോടുകൂടി അതിന് ഉചിതമെന്നു തോന്നുന്ന പ്രമേയങ്ങൾ പാസ്സാക്കേണ്ടതും;

(ജ) മുൻപറഞ്ഞിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ അധികാരങ്ങൾ നേടുന്നതിലേക്ക് ആവശ്യകമോ, ആനുഷംഗികമോ ഉതകുന്നതോ ആയ അങ്ങനെയുള്ള സംഗതികൾ ചെയ്യേണ്ടതും,

ആകുന്നു.

(3) ബോർഡിന്, ഈ ആക്റ്റുപ്രകാരമുള്ള അതിന്റെ അധികാരങ്ങൾ പ്രയോഗിക്കുന്നതിനും അതിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനുംവേണ്ടി ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള സമിതികളെ നിയോഗിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഏതെങ്കിലും സ്ഥാവര വസ്തുക്കൾ ഏതെങ്കിലും വിധത്തിൽ ബോർഡ് കൈയൊഴിയാൻ പാടുള്ളതല്ല.

9. *വിദ്യാസ്ഥാപനം എല്ലാ വർഗ്ഗങ്ങൾക്കും, മതവിശ്വാസങ്ങൾക്കും, വിഭാഗങ്ങൾക്കും പ്രാപ്യമായിരിക്കുന്നതാണെന്ന്.*—(1) ഏത് വർഗ്ഗത്തിലോ മതവിശ്വാസത്തിലോ, ജാതിയിലോ, വിഭാഗത്തിലോ പെടുന്നതായാലും എല്ലാ സ്ത്രീകൾക്കും പുരുഷൻമാർക്കും വിദ്യാസ്ഥാപനം പ്രാപ്യമായിരിക്കുന്നതും അംഗങ്ങളെയോ, വിദ്യാർത്ഥികളെയോ, അദ്ധ്യാപകരെയോ, ജോലിക്കാരെയോ പ്രവേശിപ്പിക്കുന്നതിലോ നിയമിക്കുന്നതിലോ അല്ലെങ്കിൽ ബന്ധപ്പെട്ട മറ്റെന്തെങ്കിലും, എന്തുതന്നെ ആയാലും മതവിശ്വാസമോ വൃത്തിയോ സംബന്ധിച്ച യാതൊരു ടെസ്റ്റോ ഉപാധിയോ ഏർപ്പെടുത്താൻ പാടുള്ളതല്ല.

(2) ബോർഡിന്റെ അഭിപ്രായത്തിൽ ഈ വകുപ്പിന്റെ അന്തരാർത്ഥത്തിനും ഉദ്ദേശ്യത്തിനും വിരുദ്ധമായ ഉപാധികളോ ബാദ്ധ്യതകളോ ഉൾക്കൊള്ളുന്ന ഏതെങ്കിലും സ്വത്തിന്റെ യാതൊരു ഒസ്യത്തും ദാനവും കൈമാറ്റവും വിദ്യാസ്ഥാപനം സ്വീകരിക്കാൻ പാടുള്ളതല്ല.

10. *വിദ്യാസ്ഥാപനത്തിലെ അദ്ധ്യാപനം*.—വിദ്യാസ്ഥാപനത്തിലെ എല്ലാ അദ്ധ്യാപനവും ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾക്കും ഓർഡിനൻസുകൾക്കും അനുസൃതമായി വിദ്യാസ്ഥാപനത്തിന്റെ പേരിൽ നടത്തേണ്ടതാണ്.

11. *വിസിറ്റർ*.—(1) ഭാരതത്തിന്റെ രാഷ്ട്രപതി വിദ്യാസ്ഥാപനത്തിന്റെ വിസിറ്റർ ആയിരിക്കുന്നതാണ്.

(2) വിസിറ്റർക്ക്, വിദ്യാസ്ഥാപനത്തിന്റെ ജോലിയും പുരോഗതിയും റിവ്യൂ ചെയ്യുന്നതിനും, വിസിറ്റർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള രീതിയിൽ അതിന്റെ വിചാരണ നടത്തുന്നതിനും അതിൻമേൽ റിപ്പോർട്ട് നൽകുന്നതിനും ഒന്നോ അതിലധികമോ ആളുകളെ നിയമിക്കാവുന്നതാണ്.

(3) വിസിറ്റർക്ക്, അങ്ങനെയുള്ള ഏതെങ്കിലും റിപ്പോർട്ട് കിട്ടുന്നതിൻമേൽ, റിപ്പോർട്ടിൽ കൈകാര്യം ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതികളെ സംബന്ധിച്ച് അദ്ദേഹം ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള നടപടി എടുക്കുകയും അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാവുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ വിദ്യാസ്ഥാപനം ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

12. *വിദ്യാസ്ഥാപനത്തിന്റെ അധികാരസ്ഥാനങ്ങൾ*.—വിദ്യാസ്ഥാപനത്തിന്റെ മറ്റ് അധികാരസ്ഥാനങ്ങൾ താഴെപറയുന്നതാണ്, അതായത്.—

(ക) ഒരു സെനറ്റ്;

(ഖ) വിദ്യാസ്ഥാപനത്തിന്റെ അധികാരസ്ഥാനങ്ങളായിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ പ്രഖ്യാപിക്കപ്പെടുന്ന അങ്ങനെയുള്ള മറ്റ് അധികാരസ്ഥാനങ്ങൾ.

13. *സെനറ്റ്*.—വിദ്യാസ്ഥാപനത്തിന്റെ സെനറ്റിൽ താഴെപ്പറയുന്ന ആളുകൾ അടങ്ങിയിരിക്കുന്നതാണ്, അതായത്:—

(ക) സെനറ്റിന്റെ ചെയർപേഴ്സൺ ഔദ്യോഗിക നിലയിൽ ഡയറക്ടർ ആയിരിക്കുന്നതാണ്;

(ഖ) ഔദ്യോഗിക നിലയിൽ ഡീൻ;

(ഗ) ചെയർപേഴ്സൺ ഡയറക്ടറുമായി കൂടിയാലോചിച്ച് ആവർത്തനക്രമത്തിൽ നാമനിർദ്ദേശം ചെയ്യുന്ന വിദ്യാസ്ഥാപനത്തിലെ അഞ്ച് പ്രൊഫസർമാർ;

(ഘ) ചെയർപേഴ്സൺ ഡയറക്ടറുമായി കൂടിയാലോചിച്ച് പ്രശസ്തരായ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ ഇടയിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന വിദ്യാസ്ഥാപനത്തിലെ ജീവനക്കാരല്ലാത്ത ശാസ്ത്രത്തിന്റെയും എൻജിനീയറിംഗിന്റെയും സാഹിത്യാദി മാനവിക വിഷയങ്ങളുടെയും ഓരോ ആൾവീതം മൂന്നാളുകൾ, അവയിൽ പട്ടികജാതികളിൽ നിന്നോ പട്ടികവർഗ്ഗങ്ങളിൽ നിന്നോ ആയിരിക്കേണ്ടതാണ്;

(ങ) സ്റ്റാറ്റ്യൂട്ടുകളിൽ പ്രതിപാദിക്കുന്ന ഉദ്യോഗസ്ഥ ഗണത്തിലെ അങ്ങനെയുള്ള മറ്റ് അംഗങ്ങൾ.

14. *സെനറ്റിന്റെ ചുമതലകൾ*.—വിദ്യാസ്ഥാപനത്തിന്റെ സെനറ്റിന്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാസ്ഥാപനത്തിൽ നിയന്ത്രണവും പൊതുവായ ക്രമപ്പെടുത്തലും ഉണ്ടായിരിക്കുന്നതും ബോധത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പരീക്ഷയുടെയും നിലവാരം നിലനിറുത്തുന്നതിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും, സ്റ്റാറ്റ്യൂട്ടുകളാൽ അതിന് നൽകപ്പെടുന്നതോ ഏൽപ്പിച്ചു കൊടുക്കപ്പെടുന്നതോ ആയ അങ്ങനെയുള്ള മറ്റധികാരങ്ങൾ പ്രയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതും ആകുന്നു.

15. *ചെയർപേഴ്സന്റെ ചുമതലകളും അധികാരങ്ങളും കർത്തവ്യങ്ങളും*.—(1) ചെയർപേഴ്സൺ സാധാരണയായി ബോർഡിന്റെ യോഗങ്ങളിലും വിദ്യാസ്ഥാപനത്തിന്റെ ബിരുദദാന സമ്മേളനങ്ങളിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(2) ബോർഡ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടത് ചെയർപേഴ്സന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(3) ചെയർപേഴ്സൺ ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ അദ്ദേഹത്തിന് ഏൽപ്പിക്കപ്പെടുന്ന മറ്റധികാരങ്ങൾ പ്രയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതും ആകുന്നു.

*16. ഡയറക്ടർ.*—(1) ബോർഡ്, വിസിറ്ററുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി വിദ്യാസ്ഥാപനത്തിന്റെ ഡയറക്ടറെ നിയമിക്കേണ്ടതാണ്.

(2) ഡയറക്ടർ വിദ്യാസ്ഥാപനത്തിന്റെ മുഖ്യ അദ്ധ്യയന-നിർവാഹക ആഫീസർ ആയിരിക്കുന്നതും, വിദ്യാസ്ഥാപനത്തിന്റെ ശരിയായ ഭരണ നിർവഹണത്തിനും അദ്ധ്യയന നിർവഹണത്തിനും, അതിൽ ബോധനം നൽകുന്നതിനും അച്ചടക്കം നിലനിറുത്തുന്നതിനും ഉത്തരവാദിയായിരിക്കുന്നതുമാണ്.

(3) ഡയറക്ടർ വാർഷിക റിപ്പോർട്ടുകളും കണക്കുകളും ബോർഡിന് സമർപ്പിക്കേണ്ടതാണ്.

(4) ഡയറക്ടർ ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ ഓർഡിനൻസുകളാലോ നൽകപ്പെടുന്ന അങ്ങനെയുള്ള മറ്റധികാരങ്ങളും അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങളും നിർവഹിക്കേണ്ടതാണ്.

*17. ഡീൻ.*—(1) വിദ്യാസ്ഥാപനത്തിന്റെ സ്റ്റാറ്റ്യൂട്ടുകളിൽ പ്രതിപാദിക്കുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും മേൽ, ഡീനിനെ നിയമിക്കേണ്ടതും, ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ അല്ലെങ്കിൽ ഡയറക്ടറാലോ, അദ്ദേഹത്തിന് ഏൽപ്പിച്ചു കൊടുക്കപ്പെടുന്ന അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതും ആകുന്നു.

(2) ഡീൻ ഡയറക്ടറുടെ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

*18. രജിസ്ട്രാർ.*—(1) വിദ്യാസ്ഥാപനത്തിന്റെ രജിസ്ട്രാറെ സ്റ്റാറ്റ്യൂട്ടുകളിൽ പ്രതിപാദിക്കുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും മേൽ നിയമിക്കേണ്ടതും, വിദ്യാസ്ഥാപനത്തിന്റെ റിക്കോർഡുകളുടെയും, പൊതു മുദ്രയുടെയും നിധിയുടെയും ബോർഡ് അദ്ദേഹത്തിന്റെ ചുമതലയിൽപ്പടുത്തുന്ന അങ്ങനെയുള്ള മറ്റു വസ്തുക്കളുടെയും സൂക്ഷിപ്പുകാരൻ ആയിരിക്കേണ്ടതും ആകുന്നു.

(2) രജിസ്ട്രാർ, ബോർഡിന്റെയും സെനറ്റിന്റെയും അങ്ങനെയുള്ള സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന സമിതികളുടെയും സെക്രട്ടറിയായി പ്രവർത്തിക്കേണ്ടതാണ്.

(3) രജിസ്ട്രാർ, തന്റെ ചുമതലകൾ ശരിയായി നിറവേറ്റുന്നതിൽ ഡയറക്ടറോട് ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

(4) രജിസ്ട്രാർ, അദ്ദേഹത്തിന് ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ അല്ലെങ്കിൽ ഡയറക്ടറാലോ ഏൽപ്പിച്ചുകൊടുക്കപ്പെടുന്ന അങ്ങനെയുള്ള മറ്റധികാരങ്ങൾ പ്രയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതും ആകുന്നു.

*19. മറ്റ് അധികാരസ്ഥാനങ്ങളുടെയും ഉദ്യോഗസ്ഥൻമാരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും.*—അധികാരസ്ഥാനങ്ങളുടെയും ഉദ്യോഗസ്ഥൻമാരുടെയും, ഇതിനുമുമ്പ് പറഞ്ഞിട്ടുള്ളവയല്ലാതെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ തീരുമാനിക്കപ്പെടേണ്ടതാണ്.

*20. കേന്ദ്രസർക്കാരിനാലുള്ള ഗ്രാന്റുകൾ.*—കേന്ദ്രസർക്കാർ, വിദ്യാസ്ഥാപനത്തിന്റെ ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുന്നതിന് പ്രാപ്തമാക്കുന്ന ആവശ്യത്തിലേക്ക്, ഇതിനായി നിയമംവഴി പാർലമെന്റ് യഥാവിധി ധനവിനിയോഗം നടത്തിയ ഓരോ സാമ്പത്തിക വർഷത്തിലും അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള തുക അങ്ങനെയുള്ള വിധത്തിൽ വിദ്യാസ്ഥാപനത്തിന് നൽകാവുന്നതാണ്.

*21. വിദ്യാസ്ഥാപനത്തിന്റെ നിധി.*—വിദ്യാസ്ഥാപനം ഒരു നിധി വച്ചുപോരേണ്ടതും, അതിലേക്ക്,—

(ക) കേന്ദ്രസർക്കാർ നൽകുന്ന എല്ലാ തുകകളും;

(ഖ) എല്ലാ ഫീസുകളും മറ്റ് ചാർജ്ജുകളും;

(ഗ) ഗ്രാന്റായോ, ദാനമായോ, സംഭാവനയായോ, സഹായമായോ, ഒസ്യത്തായോ, കൈമാറ്റമായോ വിദ്യാസ്ഥാപനം സ്വീകരിച്ച എല്ലാ തുകകളും;

(ഘ) മറ്റേതെങ്കിലും വിധത്തിലോ മറ്റെവിടെയെങ്കിലും നിന്നോ വിദ്യാസ്ഥാപനം സ്വീകരിച്ച എല്ലാ തുകകളും,

വരവ് വയ്ക്കേണ്ടതാണ്.

(2) കേന്ദ്രസർക്കാരിന്റെ അനുവാദത്തോടെ വിദ്യാസ്ഥാപനം തീരുമാനിക്കുന്ന പ്രകാരം നിധിയിലേക്ക് വരവുവച്ചിട്ടുള്ള തുകകൾ ബാങ്കുകളിൽ നിക്ഷേപിക്കുകയോ മറ്റു രീതിയിൽ മുടക്കുകയോ ചെയ്യേണ്ടതാണ്.

(3) വിദ്യാസ്ഥാപനത്തിന്, ഈ ആക്റ്റുപ്രകാരമുള്ള അതിന്റെ അധികാരങ്ങൾ പ്രയോഗിക്കുന്നതിലും കർത്തവ്യങ്ങൾ നിർവഹിക്കുന്നതിലും ഉണ്ടാകുന്നവ അടക്കമുള്ള അതിന്റെ ചെലവുകൾക്ക് നിധി വിനിയോഗിക്കേണ്ടതാണ്.

22. *ധർമ്മസ്വംനിധി ഏർപ്പെടുത്തൽ.*—21-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന് വിദ്യാസ്ഥാപനത്തെ,—

(ക) ഒരു ധർമ്മസ്വംനിധിയും മറ്റേതെങ്കിലും നിധിയും നിർദ്ദിഷ്ടമായ ആവശ്യത്തിനായി ഏർപ്പെടുത്തുന്നതിന്;

(ഖ) അതിന്റെ നിധിയിൽ നിന്നും പണം ധർമ്മസ്വംനിധിയിലേക്കോ മറ്റേതെങ്കിലും നിധിയിലേക്കോ മാറ്റുന്നതിന്,

നിർദ്ദേശിക്കാവുന്നതാണ്.

23. *അക്കൗണ്ടുകളും ആഡിറ്റും.*—(1) കേന്ദ്രസർക്കാർ, ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലുമായി ആലോചിച്ചു നൽകുന്ന പൊതു നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രത്യേകം പറയുന്ന അങ്ങനെയുള്ള രൂപത്തിൽ വിദ്യാസ്ഥാപനം ശരിയായ കണക്കുകളും പ്രസക്തമായ മറ്റു രേഖകളും വച്ചുപോരേണ്ടതും ബാക്കിപത്രം ഉൾപ്പെടെയുള്ള കണക്കുകളുടെ ഒരു വാർഷിക വിവരണക്കുറിപ്പ് തയ്യാറാക്കേണ്ടതും ആകുന്നു.

(2) വിദ്യാസ്ഥാപനത്തിന്റെ കണക്കുകൾ ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ ആഡിറ്റ് ചെയ്യേണ്ടതും അപ്രകാരമുള്ള ആഡിറ്റ് സംബന്ധിച്ച് അദ്ദേഹം വഹിക്കേണ്ടിവരുന്ന എല്ലാ ചെലവുകളും വിദ്യാസ്ഥാപനം നൽകേണ്ടതും ആകുന്നു.

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിനും വിദ്യാസ്ഥാപനത്തിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് സർക്കാർ കണക്കുകളുടെ ആഡിറ്റ് സംബന്ധിച്ചുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ച്, ബുക്കുകളും കണക്കുകളും ബന്ധപ്പെട്ട പറ്റുചീട്ടുകളും, മറ്റു പ്രമാണങ്ങളും രേഖകളും ഹാജരാക്കാൻ ആവശ്യപ്പെടാനും വിദ്യാസ്ഥാപനത്തിന്റെ ആഫീസുകൾ പരിശോധിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും ആണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലോ അദ്ദേഹം ഇതിനായി നിയമിക്കുന്ന മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള വിദ്യാസ്ഥാപനത്തിന്റെ കണക്കുകൾ അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം വർഷംതോറും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും അത് ആ സർക്കാർ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതും ആകുന്നു.

24. *പെൻഷനും പ്രോവിഡന്റ് ഫണ്ടും.*—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും വിദ്യാസ്ഥാപനം ഡയറക്ടർ ഉൾപ്പെടെയുള്ള അതിന്റെ ജീവനക്കാരുടെ ഗുണത്തിനായി അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള പെൻഷനും ഇൻഷ്വറൻസും പ്രോവിഡന്റ് ഫണ്ടും ഏർപ്പെടുത്തേണ്ടതാണ്.

(2) അങ്ങനെ ഏതെങ്കിലും പ്രോവിഡന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളിടത്ത്, പ്രോവിഡന്റ് ഫണ്ട് ആക്റ്റ്, 1925 (1925-ലെ 19)-ലെ വ്യവസ്ഥകൾ ആ ഫണ്ട് ഒരു സർക്കാർ പ്രോവിഡന്റ് ഫണ്ട് ആയിരുന്നാൽ എന്നപോലെ ബാധകമായിരിക്കുമെന്ന് കേന്ദ്രസർക്കാരിന് പ്രഖ്യാപിക്കാവുന്നതാണ്.

25. *നിയമനങ്ങൾ.*—ഡയറക്ടർ ഒഴികെയുള്ള വിദ്യാസ്ഥാപനത്തിലെ ഉദ്യോഗസ്ഥ ഗണത്തിന്റെ എല്ലാ നിയമനങ്ങളും സ്റ്റാറ്റ്യൂട്ടുകളിൽ പ്രതിപാദിക്കുന്ന നടപടിക്രമത്തിനനുസൃതമായി,—

(ക) നിയമനം, അദ്ധ്യാപക ഉദ്യോഗസ്ഥ ഗണത്തിൽ അസിസ്റ്റന്റ് പ്രൊഫസറുടെയോ അതിനു മുകളിലോ ഉള്ള തസ്തികയിൽ നടത്തുമ്പോഴോ, നിയമനം, അദ്ധ്യാപകേതര ഉദ്യോഗസ്ഥഗണത്തിന്റെ ശമ്പള സ്കെയിലിന്റെ പരമാവധി അസിസ്റ്റന്റ് പ്രൊഫസറുടേതിന് തുല്യമോ അതിനേക്കാൾ ഉയർന്നതോ ആയിട്ടുള്ള ഏതെങ്കിലും കേഡറിൽ നടത്തുമ്പോഴോ, ബോർഡും;

(ഖ) മറ്റേതെങ്കിലും സംഗതിയിൽ ഡയറക്ടറും,

നടത്തേണ്ടതാണ്.

26. *സ്റ്റാറ്റ്യൂട്ടുകൾ.*—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്റ്റാറ്റ്യൂട്ടുകളിൽ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) അദ്ധ്യാപന വകുപ്പുകളുടെ രൂപീകരണം;

(ഖ) ഫെല്ലോഷിപ്പുകളും സ്കോളർഷിപ്പുകളും വിദ്യാർത്ഥികൾക്കുള്ള സഹായധനങ്ങളും മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തൽ;

(ഗ) വിദ്യാസ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും മറ്റു ഉദ്യോഗസ്ഥ ഗണത്തിന്റെയും, തരംതിരിക്കലും നിയമനരീതിയും തരംതിരിച്ച് സേവനത്തിന്റെ നിബന്ധനകളും ഉപാധികളും നിശ്ചയിക്കലും;

(ഘ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന മറ്റു വിഭാഗങ്ങൾക്കും തസ്തികകൾ സംവരണം ചെയ്യൽ;

(ങ) വിദ്യാസ്ഥാപനത്തിലെ ഉദ്യോഗസ്ഥൻമാരുടെയും അദ്ധ്യാപകരുടെയും മറ്റു ഉദ്യോഗസ്ഥ ഗണത്തിന്റെയും ഗുണത്തിനായി പെൻഷനും ഇൻഷ്വറൻസും പ്രോവിഡന്റ് ഫണ്ടും ഏർപ്പെടുത്തുക;

(ച) വിദ്യാസ്ഥാപനത്തിന്റെ അധികാരസ്ഥാനങ്ങളുടെ ഘടനയും, അധികാരങ്ങളും, കർത്തവ്യങ്ങളും;

(ഛ) ഹാളുകളും ഹോസ്റ്റലുകളും സ്ഥാപിക്കലും പരിപാലിക്കലും;

(ജ) ബോർഡിലെ അംഗങ്ങൾക്കിടയിലുള്ള ഒഴിവുകൾ നികത്തേണ്ട രീതിയും;

(ഝ) ബോർഡിന്റെ ഉത്തരവുകളും, തീരുമാനങ്ങളും പ്രമാണീകരിക്കൽ;

(ഞ) സെനറ്റിന്റെ യോഗങ്ങളും, അങ്ങനെയുള്ള യോഗങ്ങളുടെ കോറവും അതിന്റെ ബിസിനസ് നടത്തിപ്പിൽ അനുവർത്തിക്കേണ്ട നടപടിക്രമവും;

(ട) ഈ ആക്റ്റിനാൽ സ്റ്റാറ്റ്യൂട്ടുവഴി നിർണ്ണയിക്കപ്പെടേണ്ടതും നിർണ്ണയിക്കപ്പെടാവുന്നതും ആയ മറ്റേതെങ്കിലും സംഗതി.

27. *സ്റ്റാറ്റ്യൂട്ടുകൾ എങ്ങനെ ഉണ്ടാക്കണമെന്ന്.*—(1) ബോർഡ്, വിസിറ്ററുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി വിദ്യാസ്ഥാപനത്തിന്റെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് കഴിയുന്നത്രവേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതുമാകുന്നു.

(2) ബോർഡിന്, കാലാകാലങ്ങളിൽ, പുതിയ അല്ലെങ്കിൽ അഡീഷണൽ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കാവുന്നതും, അല്ലെങ്കിൽ ഇതിനുശേഷം ഈ വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(3) ഒരു പുതിയ സ്റ്റാറ്റ്യൂട്ടിനോ സ്റ്റാറ്റ്യൂട്ടുകൾക്കുള്ള കൂട്ടിച്ചേർക്കലിനോ ഒരു സ്റ്റാറ്റ്യൂട്ടിന്റെ ഏതെങ്കിലും ഭേദഗതിക്കോ അല്ലെങ്കിൽ റദ്ദാക്കലിനോ വിസിറ്ററുടെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമായിരിക്കുന്നതും, അദ്ദേഹം, അതിന് അനുമതി നൽകുകയോ അല്ലെങ്കിൽ അനുമതി നൽകാതിരിക്കുകയോ അല്ലെങ്കിൽ ബോർഡിന്റെ പരിഗണനയ്ക്കായി അത് അയച്ചുകൊടുക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(4) ഒരു പുതിയ സ്റ്റാറ്റ്യൂട്ടിനോ അല്ലെങ്കിൽ നിലവിലുള്ള ഒരു സ്റ്റാറ്റ്യൂട്ടിനോ ഭേദഗതി ചെയ്യുന്നതോ റദ്ദാക്കുന്നതോ ആയ സ്റ്റാറ്റ്യൂട്ടിനോ വിസിറ്റർ അനുമതി നൽകിയിട്ടില്ലാത്ത പക്ഷം, യാതൊരു സാധുതയും ഉണ്ടായിരിക്കുന്നതല്ല.

28. **ഓർഡിനൻസുകൾ.**—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി വിദ്യാസ്ഥാപനത്തിന്റെ ഓർഡിനൻസുകൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) വിദ്യാസ്ഥാപനത്തിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കൽ;

(ഖ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും മറ്റു വിഭാഗക്കാർക്കും വേണ്ടി സംവരണം ചെയ്യൽ;

(ഗ) വിദ്യാസ്ഥാപനത്തിലെ എല്ലാ ബിരുദങ്ങൾക്കും വേണ്ടി പ്രതിപാദിക്കേണ്ട പഠന കോഴ്സുകൾ;

(ഘ) വിദ്യാസ്ഥാപനത്തിലെ ഏത് ഉപാധികൾ പ്രകാരമാണ് ഡിഗ്രി കോഴ്സുകളിലേക്കും പരീക്ഷകളിലേക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതെന്നും ബിരുദത്തിനുവേണ്ടി അർഹരാക്കുന്നതെന്നും;

(ങ) ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും, വിദ്യാർത്ഥികൾക്കുള്ള സഹായധനങ്ങളും, മെഡലുകളും, സമ്മാനങ്ങളും നൽകുന്നതിനുള്ള ഉപാധികൾ;

(ച) പരീക്ഷക നികായങ്ങളുടെയും പരീക്ഷകരുടെയും മോഡറേറ്റർമാരുടെയും നിയമന ഉപാധികളും രീതിയും കർത്തവ്യങ്ങളും;

(ഛ) പരീക്ഷകളുടെ നടത്തിപ്പ്;

(ജ) വിദ്യാസ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ ഇടയിൽ അച്ചടക്കം പാലിക്കൽ;

(ഝ) വിദ്യാസ്ഥാപനത്തിലെ പഠന കോഴ്സുകൾക്കും വിദ്യാസ്ഥാപനത്തിലെ ബിരുദ പരീക്ഷകളുടെ പ്രവേശനത്തിനും ഈടാക്കേണ്ട ഫീസ്;

(ഞ) വിദ്യാസ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ താമസത്തിനുള്ള ഉപാധികളും ഹാളുകളിലും ഹോസ്റ്റലുകളിലും താമസിക്കുന്നതിന് ഫീസും മറ്റ് ചാർജ്ജുകളും ചുമത്തലും;

(ട) ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ ഓർഡിനൻസുകൾ വഴി വ്യവസ്ഥ ചെയ്യപ്പെടേണ്ടതോ ചെയ്യപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

**29.** ***ഓർഡിനൻസുകൾ എങ്ങനെ ഉണ്ടാക്കണമെന്ന്.***—(1) ഈ വകുപ്പിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, ഓർഡിനൻസുകൾ സെനറ്റ് ഉണ്ടാക്കേണ്ടതാണ്.

(2) സെനറ്റ് ഉണ്ടാക്കിയ എല്ലാ ഓർഡിനൻസുകൾക്കും അതു നിർദ്ദേശിക്കുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും എന്നാൽ അപ്രകാരം ഉണ്ടാക്കിയ എല്ലാ ഓർഡിനൻസുകളും കഴിയുന്നത്ര വേഗത്തിൽ ബോർഡിന് സമർപ്പിക്കേണ്ടതും, ബോർഡ് അതിന്റെ തൊട്ടടുത്തു വരുന്ന യോഗത്തിൽ പരിഗണിക്കേണ്ടതും ആകുന്നു.

(3) ബോർഡിന് അങ്ങനെയുള്ള ഏതെങ്കിലും ഓർഡിനൻസുകൾ പ്രമേയം വഴി രൂപഭേദപ്പെടുത്തുന്നതിനോ റദ്ദാക്കുന്നതിനോ അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഓർഡിനൻസുകൾ പ്രമേയത്തിന്റെ തീയതി മുതൽ അതിനനുസൃതമായി, അതത് സംഗതി പോലെ, രൂപഭേദപ്പടുത്തിയതോ അല്ലെങ്കിൽ റദ്ദാക്കിയതോ ആയി തീരുന്നതാണ്.

**30.** ***മാദ്ധ്യസ്ഥം ട്രൈബ്യൂണൽ.***—(1) വിദ്യാസ്ഥാപനവും അതിന്റെ ഏതെങ്കിലും ജീവനക്കാരും തമ്മിലുള്ള കരാറിൽ നിന്നും ഉത്ഭവിക്കുന്ന ഏതെങ്കിലും തർക്കം ബന്ധപ്പെട്ട ജീവനക്കാരന്റെ അപേക്ഷയിൻമേലോ വിദ്യാസ്ഥാപനത്തിന്റെ പ്രേരണയിൻമേലോ വിദ്യാസ്ഥാപനം നിയമിക്കുന്ന ഒരംഗവും ജീവനക്കാരൻ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗവും വിസിറ്റർ നിയമിക്കുന്ന ഒരു അമ്പയറും അടങ്ങുന്ന മാദ്ധ്യസ്ഥം ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതാണ്.

(2) മാദ്ധ്യസ്ഥം ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തുമാകുന്നു.

(3) (1)-ാം ഉപവകുപ്പിനനുസരിച്ച് മാദ്ധ്യസ്ഥം ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതായ ഏതെങ്കിലും സംഗതി സംബന്ധിച്ച് യാതൊരു വ്യവഹാരമോ നടപടിയോ ഏതെങ്കിലും കോടതിയിൽ നിലനിൽക്കുന്നതല്ല.

(4) മാദ്ധ്യസ്ഥം ട്രൈബ്യൂണലിന് അതിന്റേതായ നടപടിക്രമങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) മാദ്ധ്യസ്ഥമായി ബന്ധപ്പെട്ട, തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഒരു നിയമത്തിലെയും യാതൊന്നും ഈ വകുപ്പിൻകീഴിലുള്ള മാദ്ധ്യസ്ഥങ്ങൾക്ക് ബാധകമാകുന്നതല്ല.

## അദ്ധ്യായം III

## പലവക

**31.** ***ഒഴിവുകളാൽ പ്രവൃത്തികളും നടപടികളും അസാധുവാക്കപ്പെടുന്നില്ലെന്ന്.***—ഈ ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ പ്രകാരം സ്ഥാപിച്ചിട്ടുള്ള വിദ്യാസ്ഥാപനത്തിന്റെയോ ബോർഡിന്റെയോ സെനറ്റിന്റെ മറ്റേതെങ്കിലും നികായത്തിന്റെയോ യാതൊരു പ്രവൃത്തിയും—

(ക) അതിലെ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലെ ന്യൂനതയോ, അല്ലെങ്കിൽ

(ഖ) അതിൽ ഒരംഗമായി പ്രവർത്തിക്കുന്ന ആളുടെ തെരഞ്ഞെടുപ്പിലെയോ, നാമനിർദ്ദേശത്തിലെയോ, നിയമത്തിലെയോ ഏതെങ്കിലും ന്യൂനതയോ, അല്ലെങ്കിൽ

(ഗ) കാര്യത്തിന്റെ ഗുണദോഷങ്ങളെ ബാധിക്കേണ്ട അതിന്റെ നടപടിയിലെ ഏതെങ്കിലും ക്രമക്കേടോ കൊണ്ടുമാത്രം അസാധുവാകുന്നതല്ല.

**32.** ***വിദ്യാസ്ഥാപനം ബിരുദങ്ങൾ മുതലായവ നൽകുന്നത്.***—യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റ്, 1956 (1956-ലെ 3)-ലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം വിദ്യാസ്ഥാപനത്തിന് ബിരുദങ്ങളും വിദ്യാസംബന്ധമായ മറ്റ് കീർത്തി പത്രങ്ങളും ബഹുമതികളും നൽകുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

33. *സ്പോൺസർ ചെയ്യപ്പെടുന്ന പദ്ധതികൾ.*—വിദ്യാസ്ഥാപനം നടപ്പിലാക്കേണ്ട ഒരു പദ്ധതി സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും സർക്കാരിൽ നിന്നോ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നോ മറ്റേതെങ്കിലും ഏജൻസിയിൽനിന്നോ വിദ്യാസ്ഥാപനം നിധി സ്വീകരിക്കുമ്പോഴെല്ലാം, ഈ ആക്റ്റിൽ എന്തു തന്നെ ആയിരുന്നാലും,—

(ക) വിദ്യാസ്ഥാപനം സ്വീകരിച്ച തുക വിദ്യാസ്ഥാപനത്തിന്റെ നിധിയിൽ നിന്നും വേർതിരിച്ച് സൂക്ഷിക്കേണ്ടതും, ആ പദ്ധതിയുടെ ആവശ്യത്തിലേക്കായി മാത്രം വിനിയോഗിക്കേണ്ടതും ആകുന്നു.

(ഖ) അതു നടപ്പിലാക്കുന്നതിന് ആവശ്യമായ ഉദ്യാഗസ്ഥഗണത്തിലേക്ക് സ്പോൺസറിംഗ് സംഘടന ഉടമ്പടി ചെയ്തിട്ടുളള നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായി ആൾ ചേർക്കേണ്ടതാണ്:

എന്നാൽ, (ക) ഖണ്ഡ പ്രകാരം ഉപയോഗിക്കാതെ അവശേഷിക്കുന്ന ഏതെങ്കിലും പണം ഈ ആക്റ്റിന്റെ 22-ാം വകുപ്പുപ്രകാരം ഉണ്ടാക്കിയ ധർമ്മസ്വംനിധിയിലേക്ക് മാറ്റേണ്ടതാണ്.

34. *വിഷമതകൾ നീക്കുന്നതിനുള്ള അധികാരം.*—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന് എന്തെങ്കിലും വിഷമത ഉണ്ടാകുന്നെങ്കിൽ, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവു വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തവിധം ആ വിഷമതകൾ മാറ്റുവാൻ ഉചിതമെന്നോ ആവശ്യമെന്നോ അതിനു തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, നിശ്ചിത തീയതി മുതൽ രണ്ടു വർഷം കഴിഞ്ഞതിനുശേഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരം ഉണ്ടാക്കുന്ന ഏതൊരുത്തരവും, അതുണ്ടാക്കിയ ശേഷം, ആകുന്നത്രവേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

35. *പരിവർത്തക വ്യവസ്ഥകൾ.*—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ട് മുമ്പ് സംഘത്തിന്റെ ഗവർണ്ണർമാരുടെ ബോർഡ് അപ്രകാരം പ്രവർത്തിച്ചിരുന്നത്, ഈ ആക്റ്റ് പ്രകാരം വിദ്യാസ്ഥാപനത്തിനുവേണ്ടി ഒരു പുതിയ ബോർഡ് രൂപീകരിക്കുന്നതുവരെ അപ്രകാരം തുടർന്നു പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഈ ആക്റ്റ് പ്രകാരം ഒരു പുതിയ ബോർഡ് രൂപീകരിക്കുന്നതിൻമേൽ, അങ്ങനെയുള്ള രൂപീകരണത്തിനു മുമ്പ് ഉദ്യോഗം വഹിച്ചിരുന്ന ബോർഡിലെ അംഗങ്ങൾ ഉദ്യോഗം വഹിക്കുന്നത് അവസാനിപ്പിക്കുന്നതും ആകുന്നു;

(ഖ) ഈ ആക്റ്റ് പ്രകാരം ഫസ്റ്റ് സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഉണ്ടാകുന്നതുവരെ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഔഷധനിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ സ്ഥാപനം, സെക്റ്റർ-67, എസ്. എ. എസ്. നഗർ (മൊഹാലി), റോപാർ ഡിസ്ട്രിക്റ്റ്, പഞ്ചാബിന്റെ പ്രാബല്യത്തിലുള്ളതു പ്രകാരം സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തിടത്തോളം, വിദ്യാസ്ഥാപനത്തിന് തുടർന്നും ബാധകമാകുന്നതാണ്.

36. *സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പാർലമെന്റ് മുമ്പാകെ വയ്ക്കേണ്ടതുമാണെന്ന്.*—(1) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു സ്റ്റാറ്റ്യൂട്ടും ഓർഡിനൻസും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു സ്റ്റാറ്റ്യൂട്ടും ഓർഡിനൻസും അത് ഉണ്ടാക്കിയതിനു ശേഷം, ആകുന്നത്രവേഗം പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഇരു സഭകളും ആ സ്റ്റാറ്റ്യൂട്ടിലോ ഓർഡിനൻസിലോ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരു സഭകളും ആ സ്റ്റാറ്റ്യൂട്ടോ ഓർഡിനൻസോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നെങ്കിൽ അതിനുശേഷം, ആ സ്റ്റാറ്റ്യൂട്ടിനും ഓർഡിനൻസിനും അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, പ്രഭാവം ഇല്ലാതിരിക്കുകയോ, അതത്സംഗതിപോലെ, ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ സ്റ്റാറ്റ്യൂട്ടോ ഓർഡിനൻസോ പ്രകാരം മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

(3) സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഉണ്ടാക്കുന്നതിനുള്ള അധികാരത്തിൽ ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിക്കു മുമ്പല്ലാത്ത ഒരു തീയതിയിൽ സ്റ്റാറ്റ്യൂട്ടുകൾക്കോ ഓർഡിനൻസുകൾക്കോ അവയിൽ ഏതിനെങ്കിലുമോ മുൻകാല പ്രാബല്യം നൽകുന്നതിനുള്ള അധികാരം ഉൾപ്പെടുന്നതാണ്, എന്നാൽ, അങ്ങനെയുള്ള സ്റ്റാറ്റ്യൂട്ടോ ഓർഡിനൻസോ ബാധകമാകുന്ന ഏതൊരാളുടെയും താൽപ്പര്യത്തിന് ഭംഗം വരത്തക്കവിധം ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിനോ ഓർഡിനൻസിനോ മുൻകാല പ്രാബല്യം നൽകാൻ പാടുള്ളതല്ല.

37. ***റദ്ദാക്കലും ഒഴിവാക്കലും.***—(1) ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം ഓർഡിനൻസ്, 1998 (1998-ലെ 9-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസിൻകീഴിൽ ചെയ്ത ഏതെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്നതാണ്.

# THE NATIONAL INSTITUTE OF PHARMACEUTICAL EDUCATION AND RESEARCH ACT, 1998

(ACT No. 13 OF 1998)

# ഔഷധ നിർമ്മാണ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ദേശീയ വിദ്യാസ്ഥാപനം ആക്റ്റ്, 1998

(1998-ലെ 13-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Benefactions | സഹായം | Sn 21 (e) |
| 2. | Creed | മതവിശ്വാസം | Sn 9 |
| 3. | Deen | ഡീൻ | Sn 13 (b) |
| 4. | Exhibition | വിദ്യാർത്ഥികൾക്കുള്ള സഹായധനം | Sn 26 (b), 28 (e) |
| 5. | Scholarships | സ്കോളർഷിപ്പുകൾ | Sn 8 (f) |
| 6. | Sponsor | സ്പോൺസർ | Sn 7 (xiv) |
| 7. | Test | ടെസ്റ്റ് | Sn 9 |